**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കൃഷി വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്തുവരുന്ന ശ്രീമതി അനിമോൾ കെ.എൻ, ശ്രീമതി. റാണി സെബാസ്റ്റ്യൻ എന്നിവരെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം അതേ വകുപ്പിലെ ക്ലാർക്കായ ശ്രീ. വിൽസൺ ജോസിനെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2166/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 06.08.2018.**

---

പരാമർശം: 1) സ.ഉ.(സാധാ) നം.383/2018/കൃഷി തീയതി, 23.04.2018.

2) സ.ഉ.(സാധാ) നം.501/2018/കൃഷി തീയതി, 02.06.2018.

3) ഗ്രാമവികസന കമ്മീഷണറുടെ 12.06.2018-ലെ 5806/എസ്റ്റാ.സി3/18/സി.ആർ.ഡി(2) നമ്പർ കത്ത്.

4) പഞ്ചായത്ത് ഡയറക്ടറുടെ 04.07.2018-ലെ ഇ9-1095/2017 നമ്പർ കത്ത്.

5) ശ്രീമതി അനിമോൾ കെ.എൻ. സമർപ്പിച്ച 24.07.2018 ലെ നിവേദനം

**ഉത്തരവ്**

പുനർവിന്യാസ വ്യവസ്ഥയിൽ ഇടുക്കി ജില്ലാപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന കൃഷി വകുപ്പിലെ ജീവനക്കാരായ ശ്രീമതി അനിമോൾ കെ.എൻ., ശ്രീമതി റാണി സെബാസ്റ്റ്യൻ, ഇളംദേശം ബ്ലോക്ക് പഞ്ചായത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ. സോജകുമാർ.ഡി., തൊടുപുഴ നഗരസഭയിൽ ജോലിചെയ്തുവരുന്ന ശ്രീ. ജോമോൻ തോമസ് എന്നിവരെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം അതേ വകുപ്പിലെ ശ്രീ. പ്രിജിൻ എം., ശ്രീ.അലക്സ് ജോണി, ശ്രീ.വിൽസൺ ജോസ്, ശ്രീ.വാസു. കെ.വി. എന്നിവരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചുകൊണ്ടും പരാമർശം (1), (2) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ.വിൽസൺ ജോസ് പുനർവിന്യാസം ആവശ്യപ്പെട്ടിരുന്ന അടിമാലി ബ്ലോക്കിൽ പുനർവിന്യാസ ഒഴിവുള്ളതായി പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ഇടുക്കി ജില്ലാപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി അനിമോൾ കെ.എൻ., ശ്രീമതി റാണി സെബാസ്റ്റ്യൻ എന്നീ ജീവനക്കാരുടെ പേരിൽ വിജിലൻസ് അന്വേഷണങ്ങളൊ മറ്റ് നടപടി ക്രമങ്ങളൊയില്ലായെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി വകുപ്പിൽ നിന്നും പുനർവിന്യാസ പ്രകാരം ഇടുക്കി ജില്ലാപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി അനിമോൾ കെ.എൻ., ശ്രീമതി റാണി സെബാസ്റ്റ്യൻ എന്നീ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടും പകരം അതേ വകുപ്പിലെ ശ്രീ.വിൽസൺ ജോസിനെ ടിയാൻ പുനർവിന്യാസം ആവശ്യപ്പെട്ട അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുളള പുനർവിന്യാസ ഒഴിവിലേക്ക് പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഇടുക്കി ജില്ലാപഞ്ചായത്ത്, ഇടുക്കി

സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് , അടിമാലി, ഇടുക്കി
ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന)
കൃഷി വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ